

# ഖുർആൻ ബോധനം 732

എ.വൈ.ആർ

فَنَادَىٰهَا مِن تَحْتِهَآ أَلَّا تَحْزَنِى قَدْ جَعَلَ رَبُّكِ تَحْتَكِ
سَرِيًّا ٢٤

**24.** അന്നേരം താഴെനിന്ന് മലക്ക് അവളെ വിളിച്ചറിയിച്ചു: വ്യസനിക്കാതിരിക്കുക. നിന്റെ നാഥൻ നിനക്കുതാഴെ ഒരു നീർച്ചാലൊഴുക്കിയിരിക്കുന്നു.

وَهُزِّىٓ إِلَيْكِ بِجِذْعِ ٱلنَّخْلَةِ تُسَٰقِطْ عَلَيْكِ رُطَبًا جَنِيًّا
٢٥

**25.** ആ ഈത്തപ്പനയുടെ തടിയൊന്നു കുലുക്കി നോക്കൂ. അതു തുരുതുരാ പുതുപഴം വീഴ്ത്തിത്തരും.

فَكُلِى وَٱشْرَبِى وَقَرِّى عَيْنًا ۖ فَإِمَّا تَرَيِنَّ مِنَ ٱلْبَشَرِ
أَحَدًا فَقُولِىٓ إِنِّى نَذَرْتُ لِلرَّحْمَٰنِ صَوْمًا فَلَنْ أُكَلِّمَ ٱلْيَوْمَ
إِنسِيًّا ٢٦

**26.** തിന്നുകയും കുടിക്കുകയും കൺകുളിർക്കുകയും ചെയ്തുകൊള്ളുക. പിന്നെ മനുഷ്യരാരെയെങ്കിലും കാണുകയാണെങ്കിൽ പറഞ്ഞേക്കണം: ഞാൻ പരമകാരുണികനായ ദൈവത്തിനുവേണ്ടി വ്രതം നേർന്നിരിക്കുകയാണ്. അതിനാൽ ഇന്ന് ഒരു മനുഷ്യനോടും സംസാരിക്കുന്നതല്ല.

فَأَتَتْ بِهِۦ قَوْمَهَا تَحْمِلُهُۥ ۖ قَالُوا۟ يَٰمَرْيَمُ لَقَدْ جِئْتِ
شَيْـًٔا فَرِيًّا ٢٧

**27.** പിന്നെ മർയം ശിശുവിനെയുമെടുത്ത് സ്വജനത്തിലേക്കു ചെന്നു. അവർ കുറ്റപ്പെടുത്താൻ തുടങ്ങി: ഓ, മർയമേ! നീ മഹാപാപം ചെയ്തുകളഞ്ഞല്ലോ!

يَٰٓأُخْتَ هَٰرُونَ مَا كَانَ أَبُوكِ ٱمْرَأَ سَوْءٍ وَمَا
كَانَتْ أُمُّكِ بَغِيًّا ٢٨

**28.** ഓ, ഹാറൂനിന്റെ സഹോദരീ, നിന്റെ പിതാവ് കെട്ട മനുഷ്യനായിരുന്നില്ലല്ലോ. മാതാവ് പിഴച്ചവളുമായിരുന്നില്ല.

فَأَشَارَتْ إِلَيْهِ ۖ قَالُوا۟ كَيْفَ نُكَلِّمُ مَن كَانَ فِى ٱلْمَهْدِ صَبِيًّا ٢٩

**29.** അപ്പോൾ മർയം ശിശുവിനുനേരെ ചൂണ്ടി. ആളുകൾ ചോദിച്ചു: തൊട്ടിലിൽ കിടക്കുന്ന ശിശുവിനോട് ഞങ്ങൾ എങ്ങനെ സംസാരിക്കാൻ?

---

فَنَادَىٰهَا = അപ്പോൾ(മലക്ക്) അവളെ വിളിച്ചു(അറിയിച്ചു)   مِن تَحْتِهَآ = അവളുടെ താഴെ നിന്ന്

أَلَّا تَحْزَنِى = എന്തെന്നാൽ നീ വ്യസനിക്കാതിരിക്കുക   قَدْ جَعَلَ رَبُّكِ = തീർച്ചയായും നിന്റെ റബ്ബ് ആക്കി(ഒഴുക്കി)യിരിക്കുന്നു

تَحْتَكِ = നിന്റെ താഴെ   سَرِيًّا = ഒരു ചോല, നീർച്ചാല്   وَهُزِّىٓ إِلَيْكِ = നീ നിന്നിലേക്ക് കുലുക്കുക(ക്കി നോക്കൂ)

بِجِذْعِ ٱلنَّخْلَةِ = ഈത്തപ്പനത്തടി   تُسَٰقِطْ عَلَيْكِ = അതു നിനക്ക് തുരുതുരാ വീഴ്ത്തിത്തരും   رُطَبًا جَنِيًّا = പുതിയ ഈത്തപ്പഴം

فَكُلِى = തിന്നുക   وَٱشْرَبِى = (നീർച്ചാലിൽ നിന്ന്) കുടിക്കുകയും ചെയ്യുക

وَقَرِّى عَيْنًا = കണ്ണു കുളിർപ്പിക്കുകയും ചെയ്യുക   فَإِمَّا تَرَيِنَّ = നീ കാണുകയാണെങ്കിൽ

مِنَ ٱلْبَشَرِ أَحَدًا = മനുഷ്യരിൽനിന്ന് ഒരുവനെ (മനുഷ്യരാരെയെങ്കിലും)   فَقُولِىٓ = അപ്പോൾ(അവരോട്) നീ പറഞ്ഞേക്കണം

إِنِّى نَذَرْتُ = തീർച്ചയായും ഞാൻ നേർന്നിരിക്കുന്നു   لِلرَّحْمَٰنِ = പരമകാരുണികന്ന്(കനായ ദൈവത്തിനുവേണ്ടി)

صَوْمًا = വ്രതം   فَلَنْ أُكَلِّمَ ٱلْيَوْمَ = അതിനാൽ ഇന്നു ഞാൻ സംസാരിക്കുന്നതല്ല   إِنسِيًّا = ഒരു മനുഷ്യനോടും

فَأَتَتۡ بِهِۦ قَوۡمَهَا = പിന്നെ അവൾ(മർയം) അതിനെയും കൊണ്ട് സ്വജനത്തിലേക്കുവന്നു
تَحۡمِلُهُۥ = അവൾ അതിനെ വഹിച്ചുകൊണ്ട്(ശിശുവിനെയുമെടുത്ത്) قَالُواْ = അവർ പറഞ്ഞു (കുറ്റപ്പെടുത്താൻ തുടങ്ങി)
يَـٰمَرۡيَمُ = ഓ മർയമേ! لَقَدۡ جِئۡتِ = തീർച്ചയായും നീ കൊണ്ടുവന്നു (ചെയ്തുകളഞ്ഞല്ലോ)
شَيۡـًٔا فَرِيًّا = മഹാ വഷളായ ഒരു വസ്തു(ഗുഹാവാസം) يَـٰٓأُخۡتَ هَـٰرُونَ = ഓ, ഹാറൂനിന്റെ സഹോദരീ
مَا كَانَ أَبُوكِ = നിന്റെ പിതാവ് ആയിരുന്നില്ലല്ലോ ٱمۡرَأَ سَوۡءٍ = കെട്ട മനുഷ്യൻ
وَمَا كَانَتۡ أُمُّكِ = നിന്റെ മാതാവും ആയിരുന്നില്ല بَغِيًّا = പിഴച്ചവൾ فَأَشَارَتۡ = അപ്പോൾ അവൾ ചൂണ്ടി
إِلَيۡهِ = അവനിലേക്ക് (ശിശുവിനുനേരെ) قَالُواْ = അവർ പറഞ്ഞു (ആളുകൾ ചോദിച്ചു)
كَيۡفَ نُكَلِّمُ = ഞങ്ങൾ എങ്ങനെ സംസാരിക്കാൻ
مَن كَانَ فِى ٱلۡمَهۡدِ صَبِيًّا = തൊട്ടിലിൽ കുട്ടിയായവനോട് (തൊട്ടിലിൽ കിടക്കുന്ന ശിശുവിനോട്)

**24-26.** മർയം ഈത്തപ്പനച്ചുവട്ടിൽ വേപഥുകൊള്ളവേ താഴെ നിന്നു വിളിയാളമുണ്ടായി: 'ദുഃഖിക്കേണ്ട, അല്ലാഹു കൂടെയുണ്ട്, അവനിതാ നിന്റെ കാൽച്ചുവട്ടിൽത്തന്നെ തെളിനീർച്ചോലയൊഴുക്കിയിരിക്കുന്നു. നീ ചാരിയിരിക്കുന്ന ആ ഈത്തപ്പനയൊന്നു കുലുക്കിനോക്കൂ, നല്ല പാകമായ പുതുഫലങ്ങൾ തുരുതുരാ വീഴുന്നതുകാണാം. അതു യഥേഷ്ടം ആഹരിച്ചുകൊള്ളുക, നീർച്ചാലിൽനിന്ന് വേണ്ടുവോളം വെള്ളവും കുടിച്ചുകൊള്ളുക. അങ്ങനെ സുഖപ്രസവം നടത്തി സൽപുത്രനെ കണ്ട് കണ്ണുകുളിർക്കുക. മനുഷ്യരാരെങ്കിലും കാണാനും ചോദ്യങ്ങളുന്നയിക്കാനും ഇടയായാൽ അവരോട് സംസാരിക്കാൻ നിൽക്കേണ്ട. ഞാൻ ദൈവത്തിനുവേണ്ടി മൗനവ്രതമെടുത്തിരിക്കുന്നതിനാൽ ഇന്ന് ആരോടും സംസാരിക്കാൻ പറ്റില്ലെന്നുപറഞ്ഞ് ഒഴിഞ്ഞേക്കണം.' ഇക്കാര്യം فَنَادَىٰهَا -അവളെ വിളിച്ചറിയിച്ചു'എന്നാണ് മൂല വാക്ക്. വിളിയുടെ കർത്താവാരെന്നു വെളിപ്പെടുത്തിയിട്ടില്ല. വിളിച്ചത് മലക്ക് ജിബ്‌രീൽ ആയിരുന്നുവെന്ന് മിക്ക ഖുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിച്ചിരിക്കുന്നു. നവജാതശിശുവായ ഈസാ(അ) ആണ് വിളിച്ചതെന്നഭിപ്രായമുള്ളവരുമുണ്ട്. മർയം അഭയം തേടിയ ഈത്തപ്പന ഒരു ഉയർന്ന സ്ഥലത്തായിരുന്നു. അതിനു താഴെ നിന്നാണ് ജിബ്‌രീൽ വിളിച്ചത്. അതാണ് مِن تَحۡتِهَآ എന്ന വാക്ക് സൂചിപ്പിക്കുന്നത്. വിളിച്ചത് ഈസാ(അ) ആണെങ്കിൽ مِن تَحۡتِهَآ യുടെ ഉദ്ദേശ്യം അവൾക്കുതാഴെ തറയിൽനിന്ന് എന്നായിരിക്കും. അരുവിയും നീർച്ചാലുമൊക്കെയാണ് سريّ . മാസ്റ്റർ, അഭിവന്ദ്യൻ എന്നും ഇതിനർഥമുണ്ട്. തുടർന്ന് 'കുടിച്ചുകൊള്ളുക'(واشربي)എന്നുപറഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ ഉദ്ദേശ്യം നീർച്ചാലാണെന്ന് പൊതുവിൽ മനസ്സിലാക്കപ്പെടുന്നു. ചുരുക്കം ചിലർ ഇവിടെ 'സരിയ്യ്' ഉപയോഗിച്ചിട്ടുള്ളത് രണ്ടാമത്തെ അർഥത്തിലാണെന്നും ഉദ്ദേശ്യം ഈസാ(അ) ആണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇളക്കുക, കുലുക്കുക എന്ന അർഥമുള്ള هزّ ന്റെ ശാസനക്രിയാരൂപമാണ് هزي. പേറ്റുനോവനുഭവിക്കുന്ന സ്ത്രീയോട് ഈത്തപ്പനമരം കുലുക്കാനുപദേശിക്കുന്നത് വിചിത്രമായി തോന്നാം. ആ അവസ്ഥയിൽ അവൾക്കതിനുള്ള മനഃസ്സാന്നിധ്യമുണ്ടാകുമോ, ശേഷിയുണ്ടാകുമോ, ഉണ്ടെങ്കിൽതന്നെ അതവളുടെ നോവിന്നാശ്വാസമാകുമോ? എന്നൊക്കെ ചോദിക്കാം. ഉപദേശിക്കുന്നത് അല്ലാഹുവാകുന്നു എന്നോർത്താൽ ഈ ചോദ്യങ്ങളെല്ലാം അപ്രസക്തമാകുന്നു. ഇവിടെ മർയമിനു മുന്നിൽ ദൈവാനുഗ്രഹം പ്രത്യക്ഷപ്പെടുന്നതിനുള്ള ഉപാധിയായിട്ടാണ് മരം കുലുക്കാനാവശ്യപ്പെടുന്നത്. അവരെ സംബന്ധിച്ചേടത്തോളം അത് ഭൃത്യനോട് ഭക്ഷണം വിളമ്പാൻ പറയുന്നതുപോലുള്ള നടപടിയാണ്. ഇറുത്തെടുക്കുക എന്നർഥമുള്ള جني ൽ നിന്നുള്ളതാണ് جنيّ . അപ്പോൾ പറിച്ചെടുത്തത്, വാടാത്തത്, തുടുപ്പു നഷ്ടപ്പെടാത്തത് എന്നാണർഥം. ഇംഗ്ലീഷിലെ Fresh തന്നെ. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കാരണം നിശ്ചയിച്ചിരിക്കുന്നു. സൃഷ്ടി അതിന്റെ കാര്യസാധ്യത്തിന് നിശ്ചിത കാരണത്തെ അവലംബിക്കേണ്ടതുണ്ട്. കാരണം എന്തുതന്നെയായാലും കാര്യത്തിന്റെ യഥാർഥ കർത്താവ് അല്ലാഹു തന്നെയാകുന്നു. ഇതേപ്പറ്റി ഒരു കവി പാടുന്നു:

الم تر ان الله اوحى لِمَرْيم / وهزى اليك الجذع يساقط الرّطب
ولَوْ شاء ادنى الجذع من غير هزه / اليها ولكن كل شيئ له سبب

"കണ്ടില്ലെയോ അല്ലാഹു മർയമിനു സന്ദേശമോതി: കുലുക്കൂ മരം തുരുതുരാ വീഴും പഴം. അവനിഛിച്ചിരുന്നുവെങ്കിൽ മരം കുലുക്കാതെയും അവൾക്കതടുപ്പിച്ചു കൊടുക്കുമായിരുന്നു. പക്ഷേ, എല്ലാ കാര്യത്തിനുമുണ്ടൊരു കാരണം."

ഈ സൂക്തത്തിൽനിന്നു പണ്ഡിതന്മാർ ഇപ്രകാരം നിർധാരണം ചെയ്തിരിക്കുന്നു. വിഭവ ലഭ്യതയെ അല്ലാഹു കർമശേഷിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഓരോ മനുഷ്യനും അവന്റെ പ്രയത്ന ശേഷിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുന്നതിന് അല്ലാഹു മർയമിനോട് മരം കുലുക്കാൻ കൽപ്പിച്ചു. മരം കുലുക്കാതെയും ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടാമായിരുന്നു. എന്നിട്ടും അതിനുവേണ്ടി കരുത്തും കനവുമുള്ള ഈത്തപ്പന കുലുക്കാൻ പേറ്റുനോവുള്ള മർയമിനോടു കൽപ്പിച്ചു. വിഭവശേഖരണത്തിനു പ്രയത്നം വേണമെന്നത് അല്ലാഹു അവന്റെ അടിമകൾക്ക് നിശ്ചയിച്ച ചര്യയാകുന്നു. ഇത് തവക്കുലിന്ന് (അല്ലാഹുവിൽ ഭരമേൽപ്പിക്കൽ) വിരുദ്ധമല്ല. ഉപാധികളും മാധ്യമങ്ങളും യഥാവിധി സ്വീകരിച്ചശേഷമാണ് തവക്കുൽ ഉണ്ടാവേണ്ടത്. ചിലപ്പോൾ വ്യവസ്ഥാപിത കാരണത്തിലൂടെയല്ലാതെയും അല്ലാഹുവിന്ന് അവന്റെ ദാസനെ അനുഗ്രഹിക്കാം. മർയമിനു ഭജനഗൃഹത്തിൽ വിഭവങ്ങളെത്തിച്ചുകൊടുക്കുന്നത് അതിനുദാഹരണമാകുന്നു. അത് അല്ലാഹു അവരെ പ്രത്യേകം ആദരിച്ചതായിരുന്നു.

ഒരു പക്ഷേ പ്രസവം എളുപ്പമാകുന്നതിനുവേണ്ടിയുമാകാം മരം പിടിച്ചുകുലുക്കാൻ ഉപദേശിച്ചത്. പേറ്റുനോവുള്ളവർക്ക് ഏറ്റം പറ്റിയ പദാർഥമാണ് ഈത്തപ്പഴം എന്നുപറയപ്പെടുന്നു. നവജാത ശിശുവിന്ന് ആദ്യം കൊടു

ക്കേണ്ട ഖരപദാർഥവും അതാണത്രെ. പ്രസവ വേദനയുള്ള സ്ത്രീക്കടുത്തിരുന്ന് *സൂറഃ മർയം* പാരായണം ചെയ്യുന്ന ആചാരവും ചിലർക്കുണ്ട്. അതും പ്രസവം എളുപ്പമാക്കുമെന്നാണ് വിശ്വാസം.

മൂലത്തിലെ تساقط ന്റെ യഥാർഥരൂപം تتساقط എന്നാണ്. ഉച്ചാരണ സുഖത്തിന് ഒരു ت അനുക്തമായതാണ് تساقط. തുടർച്ചയായി വീഴ്ത്തുക പൊഴിക്കുക എന്നർഥം. إما ترين എന്ന വാക്കിന്റെ മൂലരൂപം إمّا ترأيين എന്നാണ്. ഉച്ചാരണ സൗകര്യത്തിന് ആദ്യം أ (همزة) ഉം പിന്നെ അലിഫും കളഞ്ഞപ്പോൾ ترين എന്നായി. ദൃഢീകരണത്തി(تأكيد)ന്റെ ദ്വിത്വമുള്ള نون ചേർക്കേണ്ടതിന് ആദ്യമുണ്ടായിരുന്ന نون കളഞ്ഞ് ر നുശേഷമുള്ള ياء ന്ന് ഇകാരം നൽകിയപ്പോൾ ترينّ എന്നായി. അറബിയിലെ പദരൂപീകരണരീതി മനസ്സിലാക്കുന്നതിന്ന് പ്രാഥമിക ഭാഷാവിദ്യാർഥികളെ പഠിപ്പിക്കാറുള്ള പ്രസിദ്ധമായ ഒരുദാഹരണമാണിത്. മനുഷ്യരിലാരെയെങ്കിലും- من البشر احدا എന്നു പറഞ്ഞത് ആ ദിവസങ്ങളിൽ മർയമിനെ സന്ദർശിക്കാറുണ്ടായിരുന്ന മലക്കുമായി സംസാരിക്കുന്നതിനു വിരോധമില്ല എന്നു സൂചിപ്പിക്കാനാണ്. ശരീഅത്തിന്റെ സാങ്കേതികഭാഷയിൽ صوم ഭക്ഷണപാനീയങ്ങളുപേക്ഷിച്ച് പകൽ സമയത്തു നടത്തുന്ന ഉപവാസമാണ്. മറ്റു ജീവിതാവശ്യങ്ങൾ വർജിച്ച് വ്രതം പാലിക്കുന്നതിനും ഈ പദം ഉപയോഗിക്കാറുണ്ട്. ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് മൗനവ്രതമാണ്. إنسان (മനുഷ്യൻ)ന്റെ ബഹുവചന നാമമാണ് انس. വർഗനാമമായും ഉപയോഗമുണ്ട്. انس ന്റെ അന്ത്യത്തിൽ സംബന്ധസൂചക (نسبة)മായ ياء ചേർക്കുമ്പോൾ മനുഷ്യവർഗത്തിൽപെട്ട ഒരുവൻ എന്ന് അർഥം ലഭിക്കുന്നു. ഇവിടെയും മലക്കുകളെ മാറ്റിനിർത്താനാണ് മനുഷ്യവർഗം പരാമർശിക്കപ്പെട്ടതെന്ന് കരുതപ്പെടുന്നു. മലക്ക് അവരെ അറിയിക്കുന്നതിതാണ്: ആളകളുടെ ചോദ്യശരങ്ങൾ നേരിടുന്നതിനെക്കുറിച്ച് വേപഥു കൊള്ളേണ്ടതില്ല. അവരെ നേരിടുന്ന കാര്യം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. നീ അവരോട് സംസാരിക്കുകയേ വേണ്ട. വല്ലവരും വല്ലതും ചോദിച്ചാൽ 'ഞാൻ അല്ലാഹുവിനുവേണ്ടി മൗനവ്രതമനുഷ്ഠിച്ചിരിക്കുകയാണെന്നും അതിനാൽ ഒരാളോടും സംസാരിക്കാനാവില്ലെ'ന്നും പറഞ്ഞേക്കണം.

ചില പൂർവ ശരീഅത്തുകളിൽ അംഗീകരിക്കപ്പെട്ട ആരാധനയായിരുന്നു മൗനവ്രതം. ജാഹിലിയ്യാ കാലത്ത് അറബികളും ഇതു പകർത്തിയിരുന്നതായി കാണാം. ഇസ്‌ലാമിക ശരീഅത്ത് ഈ അനുഷ്ഠാനത്തെ ദുർബലപ്പെടുത്തിയിരിക്കുന്നു. ഇമാം മാലിക്ക് നിവേദനം ചെയ്യുന്നു: ഒരിക്കൽ ഒരാൾ വെയിലത്തുനിൽക്കുന്നതായി നബി(സ) കണ്ടു. അദ്ദേഹം കൂടെയുള്ളവരോടു ചോദിച്ചു: 'ഇയാൾക്കെന്തുപറ്റി?' അവർ അറിയിച്ചു: 'മിണ്ടില്ലെന്നും വെയിലിൽനിന്ന് തണൽ തേടുകയില്ലെന്നും ഇരിക്കില്ലെന്നും ഉപവസിക്കുമെന്നും നേർച്ച നേർന്നിരിക്കുകയാണിയാൾ.' തിരുമേനി കൽപ്പിച്ചു: "സംസാരിക്കാനും തണൽ കൊള്ളാനും ഇരിക്കാനും അയാളോടു പറയൂ. എന്നാൽ ഉപവാസം അയാൾ പൂർത്തിയാക്കിക്കൊള്ളട്ടെ." അബൂഇസ്റാഈൽ എന്നാണ് ഇയാൾ അറിയപ്പെട്ടിരുന്നത്. താൻ കണ്ടുമുട്ടിയ ഒരു സ്ത്രീ മൗനവ്രതമനുഷ്ഠിക്കുകയാണെന്നറിഞ്ഞപ്പോൾ അബൂബക്കർ(റ) പ്രസ്താവിച്ചു: "ഇസ്‌ലാം ഈ ആചാരം തകർത്തു കളഞ്ഞിരിക്കുന്നു. അതിനാൽ നീ സംസാരിച്ചുകൊള്ളണം."

കർമശാസ്ത്രകാരന്മാർ ഇതു സംബന്ധിച്ച് ചില നിയമങ്ങൾ നിർധാരണം ചെയ്തിട്ടുണ്ട്. 1) ഇത്തരം കാര്യങ്ങൾ നേർച്ച നേർന്നാൽ അത് പാലിക്കേണ്ടതില്ല. 2) നബി(സ)യും അബൂബക്കറും(റ) മൗനവ്രതം നേർന്നവരോട് അത് ലംഘിക്കാൻ കൽപ്പിച്ചപ്പോൾ അതിനു പ്രായശ്ചിത്തം ചെയ്യാൻ കൽപ്പിച്ചിട്ടില്ല. ഹദീസ് ഉദ്ധരിച്ച മാലിക്ക് അതിനുതാഴെ ഇപ്രകാരം കുറിച്ചിട്ടുമുണ്ട്: 'തിരുമേനി അയാളോടു പ്രായശ്ചിത്തം ചെയ്യാൻ കൽപ്പിച്ചിട്ടില്ല. പ്രായശ്ചിത്തമുണ്ടായിരുന്നുവെങ്കിൽ തിരുമേനി അയാളോടതു കൽപ്പിക്കുമായിരുന്നു.' 3) ഇത്തരം നേർച്ചകൾ നേരുന്നത് കുറ്റകരമാണ്. കാരണം ഇമാം അഹ്മദ് ഉദ്ധരിച്ച ഒരു നിവേദനത്തിൽ നബി(സ) അതു നിരോധിച്ചതായി പ്രസ്താവിച്ചിരിക്കുന്നു. രണ്ടുപേർ കൂട്ടിക്കെട്ടിയ നിലയിൽ സഞ്ചരിക്കുന്നതു കണ്ട നബി(സ) കാരണമന്വേഷിച്ചു. കഅ്ബയിലെത്തുന്നതുവരെ അങ്ങനെ സഞ്ചരിക്കാൻ തങ്ങൾ നേർന്നിരിക്കുന്നുവെന്നായിരുന്നു മറുപടി. തിരുമേനി പറഞ്ഞു: 'രണ്ടുപേരും സ്വതന്ത്രരാകൂ. ഇതൊരു നേർച്ചയല്ല. അല്ലാഹുവിന്റെ പ്രീതിയുള്ള കാര്യം മാത്രമേ നേർച്ചയാക്കാവൂ.' ഇമാം ബുഖാരി അനസിൽനിന്ന് ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: ഒരു വൃദ്ധനെ അയാളുടെ രണ്ട് മക്കൾ താങ്ങിപ്പിടിച്ച് നടത്തിക്കൊണ്ടുപോകുന്നതായി ഒരിക്കൽ നബി(സ)യുടെ ശ്രദ്ധയിൽ പെട്ടു. കാര്യമന്വേഷിച്ചപ്പോൾ ആ വയസ്സൻ നടന്നുപോകാൻ നേർന്നിരിക്കുന്നുവെന്നായിരുന്നു മറുപടി. പ്രവാചകൻ പ്രസ്താവിച്ചു: 'ഇയാളുടെ ആത്മപീഡനം അല്ലാഹുവിനാവശ്യമില്ല.' അദ്ദേഹം അയാളോട് വാഹനത്തിൽ കയറാൻ കൽപിക്കുകയും ചെയ്തു. ഇത്തരം നേർച്ചകൾ കുറ്റകരം ((معصية) ആകുന്നതെന്തുകൊണ്ടാണെന്നും ഈ നബിവചനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ദൈവദാസൻ ആർക്കും ഒരു ഉപകാരവുമില്ലാത്ത ആത്മപീഡന നടപടികളിലേർപ്പെടുന്നത് അല്ലാഹു വിലക്കിയിരിക്കുന്നു. وَلَا تُلْقُوا۟ بِأَيْدِيكُمْ إِلَى ٱلتَّهْلُكَةِ (നിങ്ങൾ നിങ്ങളെ നാശത്തിലെറിഞ്ഞുകൂടാ- 2:195). മൗനവ്രതം, രാപ്പകൽ ഭേദമില്ലാത്ത വ്രതം, അനുവദനീയമായ ആഹാരവും ജീവിത സൗകര്യങ്ങളും വർജിച്ച് ആരോഗ്യ നാശകമായ ചര്യകൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ സ്വയം നാശത്തിലകപ്പെടുത്തുന്നതിന്റെ വിവിധ രൂപങ്ങളാണ്. 4). നിഷിദ്ധമോ അനാവശ്യമോ ആയ കർമങ്ങളും പുണ്യ കർമങ്ങളും ഉൾക്കൊള്ളുന്ന നേർച്ചകൾ നേർന്നാൽ അതിൽ പുണ്യകരമായ കർമങ്ങൾ പാലിക്കേണ്ടതാകുന്നു. മൗനവും വെയിലും നിരന്തര നിൽപും ഉപവാസവും നേർന്നയാളോട് നബി(സ) ആദ്യത്തെ മൂന്നു കാര്യങ്ങളും ഒഴിവാക്കാനും വ്രതാനുഷ്ഠാനം പൂർത്തിയാക്കാനും കൽപിച്ചതിൽ നിന്ന് അത് വ്യക്തമാകുന്നു.

'മൗന വ്രതം നേർന്നിരിക്കുന്നുവെന്ന് ആളുകളോട് പറഞ്ഞേക്കുക' എന്നത് കള്ളം പറയാനുള്ള ഉപദേശമല്ല. ആ ഉപദേശത്തിൽ മൗനവ്രതം നേരാൻ അല്ലാഹു കൽപിക്കുന്നുവെന്ന ആശയവുമുണ്ട്. നീ മൗനവ്രതം നേരുകയും ആളുകൾ വന്നാൽ അവരോട് ഞാൻ മൗനവ്രതം നേർന്നിരിക്കുന്നുവെന്ന് പറയുകയും ചെയ്യുക എന്നാണ് വചനത്തിന്റെ പൂർണ രൂപം. മൗനവ്രതം കൽപിക്കപ്പെട്ട ആളോട് ഞാൻ വ്രതത്തിലാണെന്ന് ആളുകളോട് പറയാൻ കൽപിക്കുന്നതിൽ അനൗചിത്യമില്ലേ എന്നൊരു സംശയം ഉന്നയിക്കപ്പെടാം. അറബിഭാഷയിൽ, മുദ്രയിലൂടെയുള്ള ആശയവിനിമയത്തിനും قول (വാക്ക്) എന്നുപയോഗിക്കും. قال بيده هكذا (അയാൾ കൈകൊണ്ട് ഇങ്ങനെ പറഞ്ഞു) എന്ന് സാധാരണ പറയാറുള്ളതാണ്. ഹദീസുകളിൽ അതിന് ഉദാഹരണങ്ങൾ കാണാം.

قال برمحه (അയാള്‍ തന്റെ അമ്പുകൊണ്ട് പറഞ്ഞു) എന്നും പറയാറുണ്ട്.

**27,28.** فأتت എന്നതിലെ ف സൂചിപ്പിക്കുന്ന 'ഉടനെ' എന്നതുകൊണ്ടുദ്ദേശ്യം, 'ഞാന്‍ ഇന്ന് ആരോടും സംസാരിക്കില്ല' എന്നു പറഞ്ഞു കഴിഞ്ഞ ഉടനെ അവര്‍ ചെന്നു എന്നല്ല; പ്രസസവും അതു സംബന്ധിച്ച അശുദ്ധിയും നീങ്ങിയ ഉടനെ എന്നാണ്. ലൂക്കോസിന്റെ സുവിശേഷമനുസരിച്ച് മറിയം 41 നാള്‍ ബെത്‌ലഹേമില്‍ താമസിച്ച ശേഷമാണ് സ്ഥലം വിട്ടത്. افترى-യില്‍നിന്നുള്ള فعيل ല്‍ മൂശയില്‍ രൂപം കൊണ്ട കര്‍തൃപദമാണ് فري. ഇതിന്റെ ക്രിയ فَرَى യാണ്. കടുത്ത കള്ളം കെട്ടിച്ചമക്കുകയാണ് افتراء. അവിഹിതമായി ജനിച്ച കുട്ടിയെ ഭര്‍ത്താവിന്റേതെന്നാരോപിക്കുക എന്ന അര്‍ഥത്തില്‍ *അല്‍മുംതഹിന* 12-ാം സൂക്തത്തില്‍ ولايأتين ببهتان يفترينَهُ بين ايديهن وارجلهن എന്നു പറഞ്ഞിട്ടുണ്ട്. മഹാപാപം, ഭയങ്കരമായ സദാചാര ലംഘനം എന്നാണ് ഇവിടെ ഉദ്ദേശ്യം. ചില ഭാഷാ പണ്ഡിതന്മാരുടെ വീക്ഷണത്തില്‍ فرى ഉം فرية ഉം افراء-ല്‍ നിന്നുള്ളതാണ്. കേടായ ചര്‍മം മുറിച്ചോ കരിച്ചോ കളയലാണ് افراء. നിന്നെ കുലത്തില്‍ നിന്ന് മുറിച്ചുമാറ്റാനര്‍ഹമായ കാര്യം ചെയ്തിരിക്കുന്നു എന്നാണ് അവരുടെ അര്‍ഥകല്‍പന. സാരാംശത്തില്‍ രണ്ടിന്റെയും ആശയം ഒന്നുതന്നെയാണ്. ദുഷ്ടതയും മ്ലേഛത എന്നെല്ലാം അര്‍ഥമുള്ള وسوأ സാഅയുടെ മൂലപദമാണ്. വ്യഷളനും അപഥസഞ്ചാരിയുമാണ് امرأسوء. بغي-ന്റെ അര്‍ഥം നേരത്തെ 20-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരുന്നു. اخت هارون-ലെ هارون ആരാണെന്ന കാര്യത്തില്‍ പല അഭിപ്രായങ്ങളുണ്ട്. ലേവി വംശത്തില്‍ പെട്ട മൂസാ നബിയുടെ സഹോദരന്‍ ഹാറൂനിന്റെ സന്തതിപരമ്പരയിലാണ് മര്‍യം പിറന്നത്. അതുകൊണ്ടാണ് അവരെ اخت هارون എന്നു വിശേഷിപ്പിച്ചത്. ഒരു ഗോത്രത്തിലെ അംഗത്തെ ആ ഗോത്രത്തിന്റെ സന്തതി എന്ന പോലെ സഹോദരന്‍ എന്നും വിളിക്കാറുണ്ട്. ഹാറൂന്‍ നബിയും മര്‍യമും തമ്മില്‍ ഏതാണ്ട് ആയിരത്തോളം കൊല്ലത്തെ വിടവുണ്ട്. അതുകൊണ്ട് ഇവിടെ ഉദ്ദേശ്യം പ്രവാചകനായ ഹാറൂനായിരിക്കാനിടയില്ലെന്നും മര്‍യമിന്റെ സമകാലീനനായ ഏതെങ്കിലും വ്യക്തിയായിരിക്കണമെന്നുമാണ് പ്രബലമായ പക്ഷം. സ്വഹീഹ് മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു ഹദീസ് ഈ വീക്ഷണത്തെയാണ് പിന്തുണക്കുന്നത്. മുഗീറ ബിന്‍ ശുഅ്ബ പറയുന്നു: "പ്രവാചകന്‍ എന്നെ നജ്‌റാനിലേക്ക് നിയോഗിച്ചിരുന്നു. അവിടത്തെ ക്രൈസ്തവര്‍ എന്നോടു ചോദിച്ചു: "നിങ്ങള്‍ ഖുര്‍ആനില്‍ يااخت هارون എന്നു പാരായണം ചെയ്യുന്നുണ്ടല്ലോ. യേശുവിന് എത്രയോ കാലം മുമ്പല്ലേ മൂസായും ഹാറൂനും ജീവിച്ചത്?" അവരോടെന്തു പറയണമെന്ന് എനിക്കറിയില്ലായിരുന്നു. ഞാന്‍ തിരിച്ചു വന്നപ്പോള്‍ ഇക്കാര്യം റസൂല്‍ തിരുമേനിയെ അറിയിച്ചു. നബി(സ) പറഞ്ഞു: അവര്‍ക്കറിഞ്ഞുകൂടെ, അവരുടെ പ്രവാചകന്മാരുടെയും സജ്ജനങ്ങളായ പൂര്‍വികരുടെയും പേരുകള്‍ പില്‍ക്കാലക്കാര്‍ക്ക് നല്‍കാറുണ്ടെന്ന്?" ബൈബിള്‍ ലൂക്കോസിന്റെ സുവിശേഷം ഇതിനെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു: "യൂദാ രാജാവായ ഹെറോദേസിന്റെ കാലത്ത് അബിയായുടെ ഗണത്തില്‍ സഖര്യാ എന്നു പേരായ ഒരു പുരോഹിതന്‍ ഉണ്ടായിരുന്നു. അഹ്‌റോന്റെ പുത്രിമാരില്‍ ഒരുവളായിരുന്നു അയാളുടെ ഭാര്യ. അവളുടെ പേര് എലിസബത്ത്" (ലൂക്കോസ് 1:5). മര്‍യമിന്റെ പിതൃവ്യ പുത്രിയായിരുന്നല്ലോ എലിസബത്ത്. അപ്പോള്‍ മര്‍യമിന് ഹാറൂന്‍ എന്ന പേരില്‍ ഒരു പിതൃവ്യനുണ്ടായിരുന്നു. ഇദ്ദേഹം സന്മാര്‍ഗനിഷ്ഠക്കും ജീവിത വിശുദ്ധിക്കും പേരുകേട്ട ആളായിരിക്കണം.

വചന താല്‍പര്യമിതാണ്: പിതാവില്ലാതെ ജനിച്ച കുട്ടിയെയും കൊണ്ട് സ്വജനത്തിലെത്തേണ്ട താമസം, ജനം അവരെ വളഞ്ഞു. അവരവള്‍ക്കു നേരെ ആക്ഷേപ ശകാരങ്ങള്‍ തുരുതുരാ എയ്തുകൊണ്ടിരുന്നു. ഹേ മര്‍യം, അതിനീചമായ മഹാ പാതകമാണ് നീ ചെയ്തിരിക്കുന്നത്. മഹാമാന്യനും മാതൃകാ യോഗ്യനുമായ ഹാറൂനിന്റെ കുലീന കുടുംബത്തില്‍ പിറന്ന നിന്നില്‍നിന്ന് ഒരിക്കലും പ്രതീക്ഷിക്കാനാവാത്ത മ്ലേഛ നടപടിയാണിത്. നിന്റെ പിതാവ് വ്യഷളനോ സ്ത്രീലമ്പടനോ ആയിരുന്നില്ലല്ലോ. മാതാവും തികഞ്ഞ പതിവ്രതയായിരുന്നു. എന്നിട്ടും നിനക്കെങ്ങനെ ഇതു ചെയ്യാന്‍ ധൈര്യം വന്നു?...

**29.** ജനങ്ങളുടെ ചോദ്യങ്ങള്‍ക്ക് മര്‍യം ഒരു മറുപടിയും നല്‍കിയില്ല. മറുപടി ഇവന്‍ പറയും എന്ന അര്‍ഥത്തില്‍ തൊട്ടിലിലേക്ക് ചൂണ്ടുക മാത്രം ചെയ്തു. കുഞ്ഞിനോട് സംസാരിക്കാനുള്ള വഴി പറയൂ എന്ന അര്‍ഥത്തിലല്ല അവര്‍ 'തൊട്ടിലില്‍ കിടക്കുന്ന കുഞ്ഞിനോട് ഞങ്ങളെങ്ങനെ സംസാരിക്കാന്‍' എന്നു പറയുന്നത്. നവജാത ശിശുവിനോട് ഞങ്ങള്‍ക്ക് സംസാരിക്കാന്‍ കഴിയില്ലെന്ന് നിനക്കറിയാമെന്നും, നീ ഞങ്ങളെ പരിഹസിക്കുകയാണെന്നുമാണ് താല്‍പര്യം.

من كان في المهد എന്ന വാക്കിന് തൊട്ടിലില്‍ ആയവന്‍ (കിടക്കുന്നവന്‍) എന്നും ആയിരുന്നവന്‍ (കിടന്നിരുന്നവന്‍) എന്നും അര്‍ഥമാവാം. ആദ്യത്തെ അര്‍ഥ പ്രകാരം തൊട്ടിലില്‍ കിടപ്പ് വര്‍ത്തമാന സംഭവമാണ്. من فى المهد- തൊട്ടിലിലുള്ളവന്‍ എന്ന അര്‍ഥത്തിന് ഊന്നല്‍ നല്‍കുന്നതിനു വേണ്ടി ചേര്‍ത്ത അധിക പദം(زائدة)യാണ് كان. ഊന്നലിന് (توكيد) വേണ്ടി അധികപദമായി ചേര്‍ക്കുമ്പോള്‍ كان എന്ന് ഭൂതകാല ക്രിയ പദമാണ് ചേര്‍ക്കുക. ചിലര്‍ من كان في المهد യെ തൊട്ടിലില്‍ ആയിരുന്നവന്‍ എന്ന അര്‍ഥത്തില്‍ എടുത്ത് ഇങ്ങനെയും വ്യാഖ്യാനം നല്‍കിയിരിക്കുന്നു. പ്രസവ ശേഷം മര്‍യം ശിശുവുമായി പലായനം ചെയ്തു. പിന്നെ വളരെ വര്‍ഷങ്ങള്‍ക്കു ശേഷമാണവര്‍ നാട്ടില്‍ തിരിച്ചെത്തിയത്. അപ്പോഴേക്കും ഈസാ(അ) കുറെ വളര്‍ന്നിരുന്നു. നാട്ടുകാര്‍ ഈ മകന്‍ എങ്ങനെയുണ്ടായെന്ന് അന്വേഷിച്ചപ്പോള്‍ അക്കാര്യം അവനോടു തന്നെ ചോദിക്കൂ എന്ന് പറയുകയായിരുന്നു അവര്‍. അതേപ്പറ്റി നാട്ടുകാര്‍ പറയുകയാണ്: അവന്റെ ജനനത്തെക്കുറിച്ച് അവനെങ്ങനെ പറയാന്‍ കഴിയും. അവര്‍ ജനിച്ചു വീണത് തൊട്ടിലിലാണല്ലോ. മാതാവിന്റെ ഗര്‍ഭത്തെക്കുറിച്ചും പ്രസവത്തെക്കുറിച്ചുമൊക്കെ അവന് പറയാന്‍ സാധിക്കുന്നതെങ്ങനെ? ബാലിശവും ഖുര്‍ആന്‍ തന്നെ ഖണ്ഡിച്ചിട്ടുള്ളതുമാണ് ഈ വ്യാഖ്യാനം. ഈസാ(അ)യുടെ ജനനത്തിനു മുമ്പേ മലക്കുകള്‍ മര്‍യമിന് നല്‍കിയതായി സൂറഃ *ആലുഇംറാനില്‍* ഉദ്ധരിച്ചിട്ടുള്ള സുവിശേഷത്തില്‍ പറയുന്നു: وَيُكَلِّمُ ٱلنَّاسَ فِى ٱلْمَهْدِ وَكَهْلًا وَمِنَ ٱلصَّٰلِحِينَ (അവന്‍ തൊട്ടിലില്‍ കിടന്ന് ജനത്തോട് സംസാരിക്കും. പ്രായമായശേഷവും സംസാരിക്കും. സജ്ജനഗണത്തില്‍ പെട്ടവനുമായിരിക്കും-3:46). ■